തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമംവേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭിക്കുന്നുണ്ടോയെന്ന് ഓൺലൈനായി തന്നെ പരിശോധിക്കാം. ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നടപടികൾ സ്വീകരിക്കുവാനും കഴിയും.

വേതന തുക ബാങ്കിൽ നിക്ഷേപിച്ചശേഷം ആശുപത്രി മാനേജ്മെന്റുകൾ നിശ്ചയിക്കുന്ന തുകയിൽ കൂടുതലുള്ള ഭാഗം തൊഴിലാളികളിൽ നിന്ന് തിരികെ വാങ്ങുന്നതായോ അത്തരത്തിലുള്ള പരാതികളോ ഇതുവരെ ലഭിച്ചിട്ടില്ല എന്നിരുന്നാലും സ്ക്വാഡ് പരിശോധനാ വേളകളിൽ ഇത്തരം സംഭവങ്ങൾ നടക്കുന്നില്ലായെന്ന് തൊഴിലാളികളോട് നേരിട്ടും രജിസ്റ്ററുകൾ പരിശോധിച്ചും ഉറപ്പ് വരുത്താറുണ്ട്.

ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഒഴിവുകൾ

196 (4999) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൂനിയർ ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുണ്ട് ;

(ബി) ഈ തസ്തികയിൽ ഒരു വർഷത്തിലധികം ദൈർഘ്യമുള്ള എത്ര ശൂന്യവേതനാവധികൾ നിലവിലുണ്ട് ;

(സി) ഈ തസ്തികയ്ക്കായി പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ; ഈ ലിസ്റ്റിൽനിന്നും എത്ര നിയമനം നടന്നു ;

(ഡി) ഇനി എത്രപേരെ ഈ ലിസ്റ്റിൽനിന്നും നിയമനം നടത്താൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ 70 ട്രേഡുകളിലായി നിലവിൽ 370 ഒഴിവുകളുണ്ട്.

(ബി) വ്യവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലുള്ള പത്ത് ഉദ്യോഗസ്ഥർ ഒരു വർഷത്തിലധികം ദൈർഘ്യമുള്ള ശൂന്യവേതനാവധി എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ തസ്തികയിലെ 15 ട്രേഡുകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തിയതിന്റെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) നിലവിലുള്ള ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്ന് നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്ക് നിയമനം നടത്തുന്നതാണ്.

പേഴ്സണൽ ആക്സിഡന്റ് ക്ലെയിം

197 (5000) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. എസ്. ബി. വൈ പദ്ധതി പ്രകാരം പേഴ്സണൽ ആക്സിഡന്റ് ക്ലെയിം നൽകുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബി.പി.എൽ. അസംഘടിത വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങളിൽ കുടുംബനാഥന്റെയോ/കുടുംബനാഥയുടെയോ ആകസ്മിക മരണം കൊണ്ട് സംഭവിക്കാവുന്ന സാമ്പത്തിക പ്രയാസങ്ങളിൽ ഒരു ആശ്വാസം എന്ന ലക്ഷ്യത്തോടെയാണ് ആർ.എസ്.ബി.വൈ./ചിസ് പദ്ധതി പ്രകാരം ആരോഗ്യ കാർഡ് ലഭിച്ചിട്ടുള്ള കുടുംബങ്ങളിലെ കുടുംബനാഥനോ/കുടുംബനാഥയ്ക്കോ അപകട മരണം സംഭവിക്കുകയാണെങ്കിൽ അനന്തരാവകാശി/അനന്തരാവകാശികൾക്ക് രണ്ട് ലക്ഷം രൂപയുടെ ധനസഹായം പേഴ്സണൽ ആക്സിഡന്റ് ക്ലെയിം ആയി നൽകി വരുന്നത്.

(സി) ഭരണതലത്തിൽ പദ്ധതി നടത്തിപ്പിനായി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly